ഉത്തരം

(എ) കോഴിക്കോട് നേഴ്സിംഗ് കോളേജിൽ നിന്നും ഒരു പ്രൊഫസർ തസ്തിക രണ്ടു വർഷത്തേക്ക് താല്കാലികമായി "ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നേഴ്സിംഗ് എഡ്യൂക്കേഷൻ" എന്ന് പുനർനാമകരണം ചെയ്ത് മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേക്ക് മാറ്റിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക പുതുതായി സൃഷ്ടിച്ചിട്ടില്ല. നിലവിലുള്ള പ്രൊഫസർ തസ്തിക പുനർനാമകരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) നിലവിലുണ്ട്.

(സി) (എ) പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രീമതി സലോമി ജോർജിനെയാണ് നിയമിച്ചത്.

(ഇ) അതെ.

(എഫ്) ബാധകമല്ല.

(ജി) നേഴ്സിംഗ് കോളേജിലെ പ്രൊഫസർമാരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ തസ്തിക പ്രൊഫസർ തസ്തികയുടെ താല്കാലിക പുനർ നാമകരണം ആയതിനാൽ ഇതിന് പ്രത്യേക സെലക്ട് ലിസ്റ്റ് ബാധകമല്ല.

(എച്ച്) നഴ്സിംഗ് പ്രൊഫസർമാരിൽ സീനിയറിനെയാണ് നിയമിച്ചിട്ടുള്ളത്.

(ഐ) ബാധകമല്ല.

നേഴ്സിംഗ് കോളേജിൽനിന്നും പ്രൊഫസർ തസ്തികകൾ ഷിഫ്റ്റ് ചെയ്ത സംഭവം

146 [147] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, എം. മുരളി:

,, എ. സുജനപാൽ:

,, എൻ. ശക്തൻ:

,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് നേഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്; അവ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോളേജുകളിലോരോന്നിലും എത്ര ടീച്ചിംഗ് സ്റ്റാഫ് ജോലി ചെയ്യുന്നുണ്ട്;

(സി) അടുത്തകാലത്ത് ഏതെങ്കിലും നേഴ്സിംഗ് കോളേജിൽ നിന്നും പ്രൊഫസർ പോസ്റ്റ് ഷിഫ്റ്റ് ചെയ്ത് മറ്റേതെങ്കിലും കോളേജിലേക്ക് കൊണ്ടുപോയിട്ടുണ്ടോ;

(ഡി) എങ്കിൽ എവിടെനിന്നും എങ്ങോട്ടാണ് ഷിഫ്റ്റ് ചെയ്തതെന്നും പോസ്റ്റ് ഷിഫ്റ്റ് ചെയ്യപ്പെട്ട നേഴ്സിംഗ് കോളേജിൽ ഷിഫ്റ്റിംഗിനുശേഷം എത്ര ടീച്ചിംഗ് സ്റ്റാഫുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നേഴ്സിംഗ് കോളേജിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോൾ നേഴ്സിംഗ് കൗൺസിൽ നിർണ്ണയിച്ചിട്ടുള്ളതിന് തുല്യമാണോ;

(എഫ്) അല്ലാത്തപക്ഷം അവിടെനിന്ന് പോസ്റ്റ് ഷിഫ്റ്റ് ചെയ്തത് എന്തു കൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം/കോട്ടയം/കോഴിക്കോട് മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് 3 നേഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത കോളേജുകളിൽ അനുവദിക്കപ്പെട്ട ടീച്ചിംഗ് സ്റ്റാഫിന്റെ എണ്ണം താഴെകൊടുക്കുന്നു:

നേഴ്സിംഗ് കോളേജ്, തിരുവനന്തപുരം

പ്രൊഫസർ ആന്റ് ഹെഡ്	..	1
പ്രൊഫസർ	..	2
അസോസിയേറ്റ് പ്രൊഫസർ	..	7
അസിസ്റ്റന്റ് പ്രൊഫസർ	..	11
ലക്ചറർ	..	16

നേഴ്സിംഗ് കോളേജ്, കോട്ടയം

പ്രൊഫസർ ആന്റ് ഹെഡ്	..	1
പ്രൊഫസർ	..	2
അസോസിയേറ്റ് പ്രൊഫസർ	..	6
അസിസ്റ്റന്റ് പ്രൊഫസർ	..	9
ലക്ചറർ	..	10

LIBRARY ARCHIVES Kerala Legislative Assembly

നേഴ്സിംഗ് കോളേജ്, കോഴിക്കോട്

പ്രൊഫസർ ആന്റ് ഹെഡ്	..	1
പ്രൊഫസർ	..	2
അസോസിയേറ്റ് പ്രൊഫസർ	..	5
അസിസ്റ്റന്റ് പ്രൊഫസർ	..	8
ലക്ചറർ	..	14

ഇപ്രകാരം അനുവദിച്ച തസ്തികകളിൽ എത്ര പേർ ജോലിചെയ്യുന്നു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി & ഡി) കോഴിക്കോട് നേഴ്സിംഗ് കോളേജിൽ നിന്നും ഒരു പ്രൊഫസർ തസ്തിക മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ഷിഫ്റ്റ് ചെയ്തു. ഷിഫ്റ്റിംഗിനു ശേഷം കോഴിക്കോട് നേഴ്സിംഗ് കോളേജിൽ എത്ര ടീച്ചിംഗ് സ്റ്റാഫ് ഉണ്ടെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) അതെ.

(എഫ്) ഉദിക്കുന്നില്ല.

നിരോധിച്ചിട്ടുള്ള മരുന്നുകളുടെ വില്പന

147 [148] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, കെ. എൻ. എ. ഖാദർ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരോധിച്ചിട്ടുള്ള മരുന്നുകൾ സംസ്ഥാനത്ത് വില്പന നടത്തുന്നത് കണ്ടുപിടിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ബി) നിരോധിച്ചിട്ടുള്ള ഏതെല്ലാം മരുന്നുകളുടെ വില്പനയാണ് നടന്നു വരുന്നതായി കണ്ടുപിടിച്ചിട്ടുള്ളത്;

(സി) ഈ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; ആരെയെല്ലാമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly